# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 06, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 280)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 5378 മുതൽ 5487 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 5488 മുതൽ 5542 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 5543 മുതൽ 5584 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 5585മുതൽ 5614 വരെ |
| പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 5615 മുതൽ 5657 വരെ |

## കാൻസർ കെയർ പദ്ധതികളുടെ വിശദാംശങ്ങൾ

5378 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം.വി ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന കാൻസർ കെയർ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ ഇനത്തിൽ കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിൽ നീക്കി വെച്ച തുക എത്രയാണ്; ചെലവഴിച്ചത് എത്രയാണ്;

(സി) എല്ലാ ജില്ലകളിലും അർബുദ ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പദ്ധതിയുണ്ടോ;

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

(ഡി) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം അധികരിച്ചു കാണുന്ന ജില്ലകളിൽ ഇതിനോടകം എന്തെല്ലാം ചികിത്സാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ജില്ലാ-താലൂക്ക് ആശുപത്രികളിൽ ക്യാൻസർ രോഗ നിർണ്ണയ കേന്ദ്രങ്ങൾ**

**5379** **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരക രോഗങ്ങളായ ക്യാൻസർ, കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച കണക്കുകളുടെ വിശദാംശം നൽകുമോ;

(സി) ക്യാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലാ-താലൂക്ക് ആശുപത്രികളിലും ക്യാൻസർ രോഗനിർണ്ണയ കേന്ദ്രങ്ങൾ ആരംഭിക്കുമോ;

(ഡി) 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വർദ്ധിപ്പിച്ച നിരക്കിലുള്ള ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ എന്ന് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ ലഭിക്കുന്നതിന് നിലവിലുള്ള വരുമാനപരിധി എത്രയാണ്; അതു വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**‘താലോലം’ പദ്ധതി**

5380 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ, ലുക്കീമിയ, തലാസീമിയ തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ചവർക്ക് ‘താലോലം’ പദ്ധതിയിലൂടെ ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ബി) ജീവൻ രക്ഷാ മരുന്നുകളുടെ വില ഇരട്ടിയിലധികം വർദ്ധിച്ച സാഹചര്യത്തിൽ താലോലം വഴി നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രായപരിധിയില്ലാതെ രോഗികളായ എല്ലാവർക്കും ഈ ആനുകൂല്യം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ രോഗികൾക്ക് നൽകിവരുന്ന ജീവൻ രക്ഷാ മരുന്നുകൾ മെഡിക്കൽ കോളേജുകൾക്കു പുറമേ എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് നിലവിലുള്ള പ്രസ്തുത രോഗികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എഫ്) എങ്കിൽ അവർക്കായി ചികിത്സയ്ക്കും പുനരധിവാസത്തിനും പ്രത്യേക പാക്കേജ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**ജീവൻരക്ഷാ മരുന്നുകളുടെ ക്രമാതീതമായ വില വർദ്ധനവ്**

5381 ശ്രീ. എളമരം കരീം
,, എം. ഹംസ
,, എ.എം. ആരിഫ്
ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജീവൻരക്ഷാ മരുന്നുകളുടെ വില ഉയരുന്നത് തടയാൻ എന്തുനടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഔഷധവില വർദ്ധനവിന് കേന്ദ്രസർക്കാരിന്റെ നയങ്ങൾ കാരണമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) കേരളത്തിൽ വിൽക്കാൻ അനുമതിയുള്ള മരുന്നുകൾ ഓരോന്നിന്റെയും നിലവിലുള്ള വിലയും ഒരുവർഷം മുമ്പ് ഉണ്ടായിരുന്ന വിലയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ചേരുവകളിൽ മാറ്റം വരുത്തി പുതിയ ബ്രാൻഡിൽ കൂടിയ നിരക്കിൽ കേരളത്തിൽ ഇപ്പോൾ വിപണനം ചെയ്യപ്പെടുന്ന മരുന്നുകളും വിലയും സംബന്ധിച്ച് വിവരം അറിയിക്കുമോ;

(ഇ) ചേരുവകളിലെ മാറ്റം ചികിത്സയ്ക്ക് എന്തെങ്കിലും ഫലം ചെയ്യുന്നരീതിയിലുള്ളതാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## തൈറോയിഡ് രോഗം

5382 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ആർ. രാജേഷ്
,, സാജു പോൾ
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൈറോയിഡ് രോഗം ക്രമാതീതമായി കാണപ്പെടുന്നത് നിരീക്ഷിച്ചിട്ടുണ്ടോ;

(ബി) വിവിധ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഉന്നതരായ ഡോക്ടർമാർ ഇതു സംബന്ധിച്ച് പത്രങ്ങളിലൂടെ നടത്തിയ വെളിപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹോർമോണിന്റെ ഉൽപ്പാദനത്തെ ബാധിക്കുന്ന ഈ രോഗം മറ്റുപല തരത്തിലുള്ള ശാരീരിക-മാനസ്സിക വൈഷമ്യങ്ങൾക്കും കാരണമാകുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് 'അയഡൈഡ്സ്ഡ്' ഉപ്പിന്റെ ഉപയോഗം തുടങ്ങിയതിന് ശേഷമാണ് തൈറോയിഡ് രോഗം വ്യപകമായതെന്ന വിവിധ ശാസ്ത്ര സംഘടനകളുടെ അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**സർക്കാർ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും കേടായികിടക്കുന്ന ഉപകരണങ്ങൾ**

5383 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും കേടായി കിടക്കുന്ന ഉപകരണങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ആരോഗ്യ- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളുടെ കീഴിൽ ഇപ്രകാരം കേടായ ഉപകരണങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും അതിന് പ്രതിവിധി കണ്ടെത്തുകയും ചെയ്യുന്നതിനുളള ചുമതല ആർക്കാണ്;

(സി) പ്രസ്തുത ആശുപത്രികളിൽ വാങ്ങുന്ന ഉപകരണങ്ങൾക്ക് വാറന്റി കാലാവധിശേഷമുളള മെയിന്റനൻസിന് എന്ത് ക്രമീകരണമാണ് ചെയ്തിട്ടുളളത്;

(ഡി) സർക്കാർ ആശുപത്രികളിലുള്ള ഉപകരണങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിനും യഥാസമയം മെയിന്റനൻസ് ജോലികൾ നിർവ്വഹിക്കുന്നതിനുമുളള മേൽനോട്ട ജോലികൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>സ്വകാര്യസ്വാശ്രയ മെഡിക്കല്‍ കോളേജുകളിലെ പ്രവേശനം</u>

5384 ശ്രീ. എം. എ. ബേബി
'' റ്റി. വി. രാജേഷ്
'' ജെയിംസ് മാത്യു
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യസ്വാശ്രയ മെഡിക്കല്‍ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടുണ്ടോ ; ഈ വര്‍ഷം പ്രവേശനം നടത്താവുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കല്‍ കോളേജുകളിലെ മൊത്തം സീറ്റുകള്‍ കോളേജുകളെ അടിസ്ഥാനമാക്കി വെളിപ്പെടുത്താമോ ;

(ബി) ഈ വര്‍ഷം പ്രസ്തുത കോളേജുകളിലെ പ്രവേശനവും ഫീസും സംബന്ധിച്ച് വ്യവസ്ഥ ചെയ്തുകൊണ്ട് ആദ്യം പുറപ്പെടുവിച്ച ഉത്തരവ്പ്രകാരം ലഭിക്കുമായിരുന്ന മെരിറ്റ് സീറ്റുകള്‍ എത്രയായിരുന്നു ;

(സി) ഒടുവില്‍ സ്വകാര്യ സ്വാശ്രയമാനേജ്മെന്റുകളുമായി ഉണ്ടായ ധാരണകളുടെ അടിസ്ഥാനത്തില്‍വെച്ച കരാറിലെ വ്യവസ്ഥകള്‍ എന്തെല്ലാമാണ് ; ഇതുപ്രകാരം സര്‍ക്കാരിന് ലഭിക്കുന്ന അധിക മെരിറ്റ് സീറ്റുകള്‍ എത്രയാണ് ;

(ഡി) ആദ്യ ഉത്തരവ്പ്രകാരം മാനേജ്മെന്റുകള്‍ക്ക് അവരുടെ സീറ്റുകള്‍ ഏതെല്ലാം നിലയില്‍ ഏതെല്ലാം ഫീസ് നിരക്കില്‍ പ്രവേശനം നടത്താമായിരുന്നുവെന്ന് അറിയിക്കുമോ ;

(ഇ) ഒടുവില്‍ ഉണ്ടായ ധാരണകളുടെയും കരാറുകളുടെയും അടിസ്ഥാനത്തില്‍ മാനേജ്മെന്റുകളുടെ സീറ്റുകള്‍ ഏതെല്ലാം നിരക്കുകളില്‍ എത്ര സീറ്റുകള്‍ വീതം ഏതെല്ലാം നിലയില്‍ പ്രവേശനം നടത്താമെന്നായിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(എഫ്) ഒടുവിലത്തെ സര്‍ക്കാര്‍ ഉത്തരവ്പ്രകാരം സ്വകാര്യമാനേജ്മെന്റുകള്‍ക്ക് ലഭിക്കുന്ന നേട്ടങ്ങള്‍ എന്തെല്ലാമാണ് ; മൊത്തം മാനേജ്മെന്റ് സീറ്റുകളെയടിസ്ഥാനമാക്കി ഒരു കോഴ്സ് പൂര്‍ത്തിയാകുമ്പോള്‍ വിദ്യാര്‍ത്ഥികളില്‍നിന്നും മാനേജ്മെന്റുകള്‍ക്ക് ലഭിക്കുന്ന വരുമാനം എത്ര കോടിയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**സ്വകാര്യ ആശുപത്രികളുടെ പ്രവര്‍ത്തനം നിയന്ത്രിക്കാന്‍ സംവിധാനം**

5385 ശ്രീ. ജി. സുധാകരന്‍
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ പ്രവര്‍ത്തനം നിയന്ത്രിക്കാന്‍ നിലവിലുള്ള സംവിധാനം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; ഇത് പര്യാപ്തമാണെന്ന അഭിപ്രായമുണ്ടോ;

(ബി) സ്വകാര്യ ആശുപത്രികളുടെ സേവനങ്ങള്‍, പ്രവര്‍ത്തിക്കുന്നവരുടെ യോഗ്യത, ചികിത്സയ്ക്കും പരിശോധനകള്‍ക്കും മറ്റും ഈടാക്കുന്ന ഫീസ്, ജീവനക്കാരുടെ വേതനം, ഈ വക കാര്യങ്ങളില്‍ എന്തെല്ലാം നിലയിലുള്ള നിയന്ത്രണങ്ങളാണിപ്പോള്‍ ഉള്ളത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സര്‍ക്കാര്‍ ആശുപത്രികള്‍ വീണ്ടും ദുര്‍ബലപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയില്‍ രോഗികള്‍ സ്വകാര്യ ആശുപത്രികളെ കൂടുതലായി ആശ്രയിക്കാന്‍ നിര്‍ബന്ധിക്കപ്പെടുന്നവിവരം സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

**സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ നടപടികൾ**

5386 ശ്രീ. വി. പി. സജീന്ദ്രൻ
,, റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ ഗുണനില വാരം പരിശോധിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഗുണനിലവാരം പരിശോധിക്കുവാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്;

(സി) ഇതുമായി സഹകരിക്കാത്ത സ്വകാര്യ മാനേജുമെന്റുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>ഫാര്‍മസിസ്റ്റുകളുടെയും പാരാമെഡിക്കല്‍ ജീവനക്കാരുടെയും എണ്ണം</u>**

**5387** **ശ്രീ. എ. റ്റി. ജോര്‍ജ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിലെ രോഗികളുടെ എണ്ണത്തിലുള്ള വര്‍ദ്ധനയുടെ അടിസ്ഥാനത്തില്‍ ഫാര്‍മസിസ്റ്റുകളുടെയും പാരാമെഡിക്കല്‍ ജീവനക്കാരുടെയും എണ്ണം വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഓരോ തസ്തികയിലും എത്ര എണ്ണം വര്‍ദ്ധിപ്പിച്ചുവെന്ന വിവരം നല്‍കാമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**സംസ്ഥാനത്ത് വിതരണം ചെയ്ത മരുന്നുകളുടെ ഗുണനിലവാരം**

5388 ശ്രീ. സി.കെ. നാണു
,, ജോസ് തെറ്റയിൽ
,, മാത്യൂ റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര ബാച്ച് മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര ബാച്ച് മരുന്നുകൾക്ക് ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്;

(സി) സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളിലും ഫാർമസികളിലും ഫാർമസി നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധനകൾ നടത്താറുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>സൗന്ദര്യവര്‍ധക ഉല്‍പന്നങ്ങള്‍</u>

5389 ശ്രീ. കെ. മുരളീധരന്‍
,, വര്‍ക്കല കഹാര്‍
,, കെ. ശിവദാസന്‍ നായര്‍
,, ടി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന സൗന്ദര്യവര്‍ധക ഉല്‍പന്നങ്ങള്‍ ഭൂരിഭാഗവും ഗുരുതര പാര്‍ശ്വഫലങ്ങള്‍ ഉളവാക്കുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത് നിരീക്ഷിക്കുവാന്‍ എന്തെല്ലാം സംവിധാനമാണ് വകുപ്പിന് കീഴില്‍ നിലവിലുളളത്;

(സി) ഇത്തരം ഉല്‍പന്നങ്ങള്‍ നിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് എടുക്കാനാഗ്രഹിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**എൻ. ആർ. എച്ച്. എം. നുള്ള കേന്ദ്ര ഫണ്ട്**

5390 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്. എം. ന് കേന്ദ്രം അനുവദിക്കുന്ന തുക കൃത്യമായി ചെലവഴിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഈ സാമ്പത്തിക വർഷം എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട് ;

(സി) ഈ വർഷം ഏതെല്ലാം ഇനങ്ങളിലാണ് തുക ചെലവഴിക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**ആരോഗ്യ വകുപ്പിന്റെ സന്ദേശ ജാഥ**

5391 **ശ്രീ. എ. എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡു നിന്നും പാറശ്ശാലവരെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സന്ദേശ ജാഥ സംഘടിപ്പിച്ചിരുന്നോ;

(ബി) ഏതൊക്കെ ദിവസങ്ങളിലാണ് ജാഥ സംഘടിപ്പിച്ചത്;

(സി) ജാഥയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) പ്രസ്തുത ജാഥയ്ക്ക് എത്രതുക ചെലവായി; ഈ തുക ചെലവഴിച്ചത് ആരാണ്;

(ഇ) പ്രസ്തുത ജാഥ കൊണ്ടുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കഡാബർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതി**

5392 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഡാബർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതിയിൽ പറയുന്ന അവയവമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനും അതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിക്കുന്നതിനും സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിൽ സൗകര്യമുണ്ട്; വിശദ വിവരം നൽകുമോ;

(സി) ഇതിനായി രൂപീകരിച്ച വിദഗ്ധസമിതിയുടെ ഘടനയുടെ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**മെഡിക്കല്‍ സ്റ്റോറുകളില്‍ ഫാര്‍മസിസ്റ്റിന്റെ സേവനങ്ങള്‍ ഉറപ്പാക്കാന്‍ നടപടികള്‍**

5393 ശ്രീ. വി. റ്റി. ബല്‍റാം
,, സണ്ണി ജോസഫ്
,, എം. പി. വിന്‍സെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മെഡിക്കല്‍ സ്റ്റോറുകളില്‍ ഫാര്‍മസിസ്റ്റിന്റെ സേവനങ്ങള്‍ ഉറപ്പാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് ഡ്രഗ്സ് കണ്‍ട്രോളര്‍ എന്തെല്ലാം നിര്‍ദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

(സി) ഫാര്‍മസിസ്റ്റ് ഇല്ലാത്ത മെഡിക്കല്‍ സ്റ്റോറുകള്‍ക്കെതിരെ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്;

(ഡി) ഫാര്‍മസിസ്റ്റിന്റെ അഭാവത്തില്‍ മരുന്നുകള്‍ കൈകാര്യം ചെയ്യുന്ന പ്രവണത തടയുമോ;

(ഇ) ഈ കാര്യങ്ങള്‍ പരിശോധിക്കുന്നതിന് വകുപ്പ്തലത്തില്‍ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനം ഒരുക്കിയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ആശുപത്രികളിൽ ഒപ്ടോമെട്രിസ്റ്റിന്റെ സേവനം ലഭ്യമാക്കുവാൻ നടപടി</u>

**5394** **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ നിലവിൽ എത്ര ഒപ്ടോമെട്രിസ്റ്റ്, സീനിയർ ഒപ്ടോമെട്രിസ്റ്റ് തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ എത്ര ആശുപത്രികൾ ജില്ലാ ആശുപത്രിയായും ജനറൽ ആശുപത്രിയായും താലൂക്ക് ആശുപത്രിയായും അപ്ഗ്രേഡ് ചെയ്തു എന്ന് വെളിപ്പെടുത്തുമോ;

(സി) അപ്ഗ്രേഡ് ചെയ്യപ്പെട്ട പ്രസ്തുത ആശുപത്രികളിൽ ഒഫ്താൽമോളജിസ്റ്റിന്റെ സേവനം ലഭ്യമാണോ; സേവനം ലഭ്യമായ ആശുപത്രികൾ ഏതെല്ലാമാണ്;

(ഡി) പ്രസ്തുത ആശുപത്രികളിൽ ഒപ്ടോമെട്രിസ്റ്റിന്റെ സേവനം ലഭ്യമല്ലാത്തിടത്ത് പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>വിമൺ ഹെൽത്ത് കെയർ സെന്റർ (സീതാലയം) പദ്ധതി</u>

5395 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിമൺ ഹെൽത്ത് കെയർ സെന്റർ (സീതാലയം) പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തിച്ചു വരുന്നത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് ഹോമിയോപ്പതി വകുപ്പ് നടത്തി വരുന്നത്; വിശദീകരിക്കുമോ;

(സി) ഈ പദ്ധതി എല്ലാ ജില്ലാ ഹോമിയോ ആസ്പത്രികളോടും ബന്ധപ്പെട്ട് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി 2012-13 വർഷത്തിൽ എത്ര തുക നീക്കി വെച്ചു; ആയത് പര്യാപ്തമാണോ; തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ആയുഷ് വകുപ്പ്**

**5396**

**ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പും, ആയുഷ് വകുപ്പും കേന്ദ്രത്തിലും മറ്റു സംസ്ഥാനങ്ങളിലും ഉളളതുപോലെ രണ്ടായി വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ രണ്ടായി വിഭജിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## സംസ്ഥാനത്തെ മന്ത് രോഗ നിർണ്ണയ പരിശോധന

5397 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ സംസ്ഥാനത്തെ മന്ത് നിർണ്ണയ പരിശോധനയിൽ ഗുരുതരമായ പാളിച്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനുബന്ധ ജീവനക്കാർ രോഗനിർണ്ണയത്തിനായി രക്ത സാമ്പിളുകൾ എടുക്കുന്നതിൽ വരുത്തിയ പാളിച്ച യാണ് തെറ്റായ മന്തുരോഗനിർണ്ണയ സർവ്വേ ഫലത്തിന് കാരണം എന്നതിനെ സംബന്ധിച്ച് നിലവിൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തുന്നുണ്ടോ;

(സി) തെറ്റായ നിർണ്ണയത്തിന്റെ ഫലമായി വരും വർഷത്തെ മന്തുരോഗനിർമ്മാർജ്ജന പരിപാടി പ്രതിസന്ധിയിലായിട്ടുള്ളതിന് കാരണക്കാരായവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>സാംക്രമിക രോഗങ്ങൾ തടയുന്നതിന് സംവിധാനം</u>**

**5398**

**ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പടർന്നുപിടിക്കുന്ന വിവിധ സാംക്രമിക രോഗങ്ങൾ തടയുന്നതിന് ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പരിപാടികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ വർഷം സ്കൂൾ വിദ്യാർത്ഥികൾക്കായി ഇതു സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്തിയിട്ടുണ്ടോ;

(ഡി) വിവിധ സംഘടനകളുടെയും ആശുപത്രികളുടെയും സഹകരണത്തോടെ ഇത്തരം പരിപാടികൾ നടത്തുന്ന കാര്യം ആലോചിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**പകർച്ചവ്യാധി നേരിടുന്നതിന് ഹോമിയോ ചികിത്സ**

**5399** **ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി നേരിടുന്നതിന് ഹോമിയോ ചികിത്സാരംഗത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പകർച്ചവ്യാധി നേരിടുന്നതിന് നിയമിച്ച ഡോക്ടർമാരുടെ പട്ടികയിൽ ഹോമിയോ ഡോക്ടർമാരെ ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

പകർച്ചപ്പനി പ്രതിരോധത്തിന് ഹോമിയോ ആയുർവ്വേദ വകുപ്പുകൾ സ്വീകരിച്ച നടപടി

5400 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി ഉൾപ്പെടെയുള്ള മഴക്കാല രോഗങ്ങളുടെ ചികിത്സയ്ക്കും പ്രതിരോധത്തിനുമായി സംസ്ഥാന ഹോമിയോ, ആയുർവ്വേദ വകുപ്പുകൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം കേന്ദ്രങ്ങളിൽ എന്തെല്ലാം മരുന്നുകളാണ് സൗജന്യമായി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്; ആയതിന് ഉപയോഗിക്കുന്ന ഹോമിയോ, ആയുർവ്വേദ മരുന്നുകൾ ഏതെല്ലാമെന്ന് വേർതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>വൈക്കം നിയോജകമണ്ഡലത്തിലെ പനിബാധിതര്‍</u>

5401

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മെയ്, ജൂണ്‍ മാസങ്ങളില്‍ വൈക്കം നിയോജക മണ്ഡലത്തില്‍പ്പെടുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലായി എത്ര പനിബാധിതര്‍ ചികിത്സ തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളില്‍ മരുന്നിന്റെ ദൗര്‍ലഭ്യം ഉള്ളതായി റിപ്പോര്‍ട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ;

(സി) പകര്‍ച്ചവ്യാധികള്‍ കൂടുതല്‍ റിപ്പോര്‍ട്ട് ചെയ്യുന്നതിനാല്‍ കുടുംബക്ഷേമ കേന്ദ്രങ്ങളില്‍ ആഴ്ചയില്‍ രണ്ട് ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) മഴക്കാല രോഗങ്ങളെ ചെറുക്കാന്‍ വൈക്കം നിയോജക മണ്ഡലത്തില്‍ ആരോഗ്യ വകുപ്പ് എത്ര താല്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട് എന്നും അത് ഏതൊക്കെ തസ്തികകളിലെന്നും വ്യക്തമാക്കാമോ;

(ഇ) റിട്ടയര്‍ ചെയ്ത വിദഗ്ദ്ധ ഡോക്ടര്‍മാരെ താല്‍ക്കാലികമായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വൈക്കത്തിനു കീഴിലുള്ള പഞ്ചായത്തുകളില്‍ എത്ര ഡോക്ടര്‍മാരെ നിയമിച്ചു എന്നു വെളിപ്പെടുത്തുമോ;

(എഫ്) പകര്‍ച്ചവ്യാധികളും പനിയും കണക്കിലെടുത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളില്‍ കൂടുതല്‍ ലാബ് ടെക്നീഷ്യന്മാരെ നിയമിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## തീരദേശ മേഖലയിൽ പടർന്നുപിടിച്ച പകർച്ച വ്യാധികൾ

5402 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ മേഖലയിൽ ഡെങ്കിപ്പനി, ചിക്കൻഗുനിയ തുടങ്ങിയവ പടർന്നുപിടിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തീരദേശ മേഖലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടേയും, സർക്കാർ ആശുപത്രികളുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**പകർച്ചപ്പനി ബാധിച്ച് ചികിത്സക്ക് എത്തിയിട്ടുള്ളവരുടെ വിശദാംശങ്ങൾ**

5403 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചപ്പനി വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകർച്ചപ്പനി വ്യാപിക്കുന്നത് തടയുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഓരോ ജില്ലയിലും ഇതേവരെ പകർച്ചപ്പനി ബാധിച്ച് ചികിത്സക്ക് എത്തിയിട്ടുള്ളവർ എത്രയാണെന്ന് പറയാമോ;

(ഡി) പകർച്ചപ്പനിക്ക് ചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ ആശുപത്രികളിൽ അധികസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) പകർച്ചപ്പനി ഉൾപ്പെടെയുള്ള പല രോഗങ്ങൾക്കും സർക്കാർ ആശുപത്രികളിൽ സാധാരണക്കാർക്ക് ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ടി മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**സംസ്ഥാനത്ത് അംഗീകാരം ലഭിച്ചിട്ടുള്ള മിനറൽ വാട്ടർ പ്ലാന്റുകൾ**

**5404**

**ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അംഗികാരം ലഭിച്ചിട്ടുള്ള എത്ര മിനറൽ വാട്ടർ പ്ലാന്റുകൾ ഉണ്ടെന്നും ആയവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) പ്ലാസ്റ്റിക് കുപ്പികളിൽ അടച്ച് വിൽക്കുന്ന വെളളത്തിൽ ആരോഗ്യത്തിന് ഹാനികരമായ എന്തെങ്കിലും വസ്തുക്കൾ അടങ്ങിയിട്ടുളളതായി തെളിഞ്ഞിട്ടുണ്ടോ;

(സി) ഇതിൽ എത്ര ശതമാനം കീടനാശിനി അടങ്ങിയിട്ടുളളതായി പരിശോധനാ ഫലങ്ങളിൽ കണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) കുടിവെളളത്തിൽ അനുവദനീയമായ ബാക്ടീരിയയുടെ അളവ് എത്രയായാണ് നിശ്ചയിക്കപ്പെട്ടിട്ടുളളതെന്ന് അറിയിക്കുമോ; ഇതിനുളള പരിശോധനാ സൗകര്യങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>ആരോഗ്യ കേരളം പരിശീലനത്തിന് റ്റീ. എ./ഡി. എ.</u>

**5405 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2009-ൽ 'ആരോഗ്യകേരളം' പരിപാടിയുടെ ഭാഗമായി ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ട്രെയിനിംഗ് എന്ന പേരിൽ കോട്ടയം ജില്ലയിലെ മെഡിക്കൽ ആഫീസർമാർ ഉൾപ്പെടെ ആരോഗ്യവകുപ്പിലെ ജീവനക്കാർക്കായി നടത്തിയ ട്രെയിനിംഗിൽ പങ്കെടുത്ത ജീവനക്കാർക്ക് നാളിതുവരെ റ്റി.എ./ഡി.എ. ഇനത്തിൽ തുക ലഭ്യമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ട്രെയിനിംഗിൽ പങ്കെടുത്ത ജീവനക്കാരുടെ ആഫീസിൽ തുക ലഭ്യമാക്കാം എന്ന് അറിയിക്കുകയും എന്നാൽ നാളിതുവരെ തുക നൽകിയിട്ടില്ല എന്നതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുവാൻ തയ്യാറാകുമോ;

(സി) ലക്ഷക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിയിട്ടുള്ളതായി സംശയിക്കേണ്ട ഈ വിഷയത്തിൻമേൽ പരാതി നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ അടിയന്തിര അന്വേഷണം നടത്തി കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>സെൻസസ് ഡ്യൂട്ടി</u>

5406

**ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡല പരിധിയിൽ വരുന്ന എത്ര ആരോഗ്യ വകുപ്പ് ജീവനക്കാരെ സെൻസസ് ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാരെ ഇത്തരം ജോലിക്ക് നിയോഗിക്കുമ്പോൾ വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫീൽഡ് വിഭാഗം ജീവനക്കാരുടെ അഭാവംമൂലം പകർച്ചവ്യാധി പ്രതിരോധമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് സംഭവിച്ച വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വരുംകാലങ്ങളിൽ ഇത്തരം ജോലികളിൽ നിന്നും ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരെ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ഐക്കോൺസിന്റെ പ്രവർത്തനങ്ങൾ**

5407 ശ്രീ. പാലോട് രവി
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐക്കോൺസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഐക്കോൺസിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) കൂടുതൽ മേഖലകളിൽ ഇതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്**

**5408 ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ ഒരു വർഷക്കാലമായി നടത്തിയ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു സംക്ഷിപ്ത വിവരണം ലഭ്യമാക്കുമോ ;

(ബി) സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി 2011-2012 സാമ്പത്തിക വർഷത്തിൽ എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ; എന്തെല്ലാം ആവശ്യങ്ങൾക്കാണ് പ്ലാൻഫണ്ട് നീക്കിവച്ചതെന്നും എന്ത് തുക പ്ലാൻഫണ്ട് ഇനത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ യൂണിറ്റുകൾ ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും ഇത്തരം യൂണിറ്റുകളുടെ സ്റ്റാഫ് പാറ്റേൺ എന്താണെന്നും ഈ യൂണിറ്റുകളുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഡി) സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനുകീഴിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും അവരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

**ആരോഗ്യ വകുപ്പിന്റെ കീഴിലെ വാഹനങ്ങളുടെ സാങ്കേതിക മികവ്**

5409 ശ്രീ. വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലെ വാഹനങ്ങളുടെ സാങ്കേതിക മികവ് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത വാഹനങ്ങളുടെ നിരീക്ഷണ വിഭാഗം ആരുടെ നേതൃത്വത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്;

(ഡി) 108 ആംബുലൻസുകളെ കൂടി നിരീക്ഷണത്തിന് വിധേയമാക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>ആശാ വർക്കേഴ്സിന് ആനുകൂല്യങ്ങൾ</u>**

5410 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആശാവർക്കേഴ്സിന് ആകസ്മികമായി ഏതെങ്കിലും ഒരു പ്രതിമാസ യോഗത്തിൽ ഹാജരാകാൻ കഴിഞ്ഞില്ലെങ്കിൽ അവരുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) അടിയന്തിര സാഹചര്യം കൊണ്ടാണ് ഹാജരാകാൻ കഴിയാതെ വരുന്നതെങ്കിൽ ആയത് മനസ്സിലാക്കി ആനുകൂല്യം നൽകുന്നതിന് തയ്യാറാകുമോ;

(സി) അസുഖം, അടുത്ത ബന്ധുക്കളുടെ മരണം തുടങ്ങി സ്വാഭാവികമായി ഉണ്ടാകുന്ന സാഹചര്യമാണെന്ന് കണക്കിലെടുത്ത് ഇക്കാര്യത്തിൽ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിലെ 'രാജീവ് ആരോഗ്യശ്രീ' പദ്ധതി</u>

**5411** **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'രാജീവ് ആരോഗ്യശ്രീ' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തൃശൂർ ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളിലെ രോഗികളുടെ വിവരം</u>

5412

**ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംക്രമികരോഗങ്ങൾ പെരുകുന്നതും ജീവിതശൈലീരോഗങ്ങൾ വർദ്ധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള രോഗികളിൽ 50% രോഗികളോ അതിലധികമോ ആശ്രയിക്കുന്ന സ്വകാര്യ ആശുപത്രികളിൽ രോഗികളുടെ രോഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ഓരോ മാസവും സർക്കാരിന് സമർപ്പിക്കണമെന്ന നിർദ്ദേശം എല്ലാ സ്വകാര്യ ആശുപത്രികളും പാലിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ സ്വകാര്യ ആശുപത്രികളിലെ രോഗികളെ സംബന്ധിക്കുന്ന പൂർണ്ണ വിവരങ്ങൾ നിർബന്ധമായും സർക്കാരിലേയ്ക്ക് ലഭ്യമാക്കാനുള്ള നിയമ നിർമ്മാണം നടത്തുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**വടകര മുനിസിപ്പാലിറ്റിയിൽ സർക്കാർ ഹോമിയോ ക്ലിനിക്**

**5413** **ശ്രീ. സി.കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടകര മുനിസിപ്പാലിറ്റിയിൽ സർക്കാർ ഹോമിയോ ക്ലിനിക് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അവിടെ സർക്കാർ ഹോമിയോ ക്ലിനിക് ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ഹോമിയോ മെഡിക്കൽ കോളേജുകളിലെ ട്യൂട്ടർ തസ്തികയിലെ ഒഴിവുകൾ**

5414 **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഹോമിയോ മെഡിക്കൽ കോളേജുകളിലെ ട്യൂട്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട്ചെയ്തിട്ടുള്ളത് ; എത്ര ഒഴിവുകളാണ് നിലവിൽ ഉളളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ആയുർവ്വേദാശുപത്രികളിലെ നഴ്സുമാരുടെ തസ്തിക**

5415 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദാശുപത്രികളിൽ നഴ്സുമാരുടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നഴ്സുമാരുടെ ഒഴിവ് നികത്തുവാൻ എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**തൃക്കടവൂർ ആയുർവേദ ഡിസ്പെൻസറിയെ ആശുപത്രി യാക്കി ഉയർത്താൻ നടപടി**

5416 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃക്കടവൂർ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറിയെ ആയുർവേദാശുപത്രിയാക്കി ഉയർത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(ബി) പ്രസ്തുത ഡിസ്പെൻസറിയെ എന്ന് ആശുപത്രിയായി ഉയർത്തുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**<u>അടൂർ ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറിയെ ആശുപത്രിയായി ഉയർത്താൻ നടപടി</u>**

**5417** **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിലുള്ള ഏറത്ത് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന അടൂർ ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി 30 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തണമെന്നുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത പഞ്ചായത്തിലെ പ്രാദേശിക ആരോഗ്യരംഗത്തിന്റെ ശോച്യാവസ്ഥ പരിഗണിച്ച് നിവേദനത്തിനുള്ള പരിഹാരം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ഓമശ്ശേരി കുടത്തായ ആയുർവേദ ഡിസ്പൻസറി</u>

5418 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ ഓമശ്ശേരി കുടത്തായ ആയുർവേദ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ വർഷം കിടത്തി ചികിത്സ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കാസര്‍ഗോഡ് ജില്ലാ ആയുര്‍വേദ മെഡിക്കല്‍ ഓഫീസ് മാറ്റുന്ന നടപടി**

5419 **ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

നീലേശ്വരം ബസ് സ്റ്റാന്റ് ബില്‍ഡിങ്ങില്‍ വാടകക്കെട്ടിടത്തില്‍ പ്രവര്‍ത്തിക്കുന്ന കാസര്‍ഗോഡ് ജില്ലാ ആയുര്‍വേദ മെഡിക്കല്‍ ഓഫീസ് പടന്ന ജില്ലാ ആയുര്‍വേദ ആശുപത്രി കോമ്പൗണ്ടിലുള്ള കെട്ടിടത്തില്‍ സൗകര്യങ്ങള്‍ ഉണ്ടായിട്ടും അവിടേയ്ക്ക് മാറ്റുവാന്‍ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>ആയുർവ്വേദ നഴ്സുമാരുടെ ഡ്യൂട്ടി സമയം</u>

5420 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദ രംഗത്ത് നഴ്സുമാരുടെ കുറവ് ചികിത്സാ രംഗത്ത് പ്രതിസന്ധിയുണ്ടാക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ആയുർവ്വേദ നഴ്സ്മാരുടെ ഡ്യൂട്ടി സമയം എത്രയാണ് ;

(സി) നാദാപുരം മണ്ഡലത്തിലെ ആയുർവ്വേദ ഡിസ്പെൻസറികളിലെ ജീവനക്കാരുടെ ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(ഡി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## പെന്റാവലന്റ് വാക്സിൻ

5421 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമഗ്രരോഗപ്രതിരോധ വാക്സിനായ പെന്റാവലന്റ് വാക്സിൻ സംസ്ഥാനത്തെ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ലഭ്യമായിട്ടുള്ളത്'

(ബി) പ്രസ്തുത വാക്സിന് വില ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; പ്രസ്തുത വാക്സിൻ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**മരുന്നുകളുടെ ഗുണനിലവാരം**

**5422 ശ്രീ. ബെന്നി ബെഹനാൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കമ്പനികളുടെ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്;

(ബി) ഇതിൽ കേരളത്തിന് പുറത്തുള്ള എത്ര കമ്പനികൾ ഉണ്ട്;

(സി) ഒരു വർഷം കേരളത്തിൽ എത്ര മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്; ഇതിൽ എത്ര ശതമാനം ഉപയോഗയോഗ്യമല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്;

(ഡി) കേരളത്തിൽ വ്യാജ മരുന്നുകൾ ഇല്ല എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) കേരളത്തിൽ വിപണനം ചെയ്യുന്ന മരുന്നുകൾ എല്ലാം തന്നെ ഗുണനിലവാരം ഉള്ളതാണെന്നും അവ ഗവൺമെന്റിന്റെ അറിവോടെയാണ് കേരളത്തിൽ വിപണനം ചെയ്യുന്നത് എന്നും ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(എഫ്) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**മരുന്നുകളുടെ വില വർദ്ധന**

5423 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജീവൻരക്ഷാ മരുന്നുകൾക്കും ആന്റീബയോട്ടിക്കുകൾക്കും വേദന സംഹാരികൾക്കും നിലവിലുണ്ടായിട്ടുള്ള വില വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില നിയന്ത്രണ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനായി ചേരുവകൾ മാറ്റി വിലക്കയറ്റം കൃത്രിമമായി സൃഷ്ടിക്കുന്ന മരുന്നുകമ്പനികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മരുന്നുവിപണിയിലെ വില നിയന്ത്രിക്കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>അവശ്യ മരുന്നുകളുടെ വില വർദ്ധന</u>

5424 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അവശ്യ മരുന്നുകളുടെ വില വർദ്ധന നിയന്ത്രിക്കാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദമാക്കുമോ;

(ബി) പല സ്ഥലങ്ങളിലും സർക്കാർ ആശുപത്രിയോട് ചേർന്നുള്ള ജനത ഫാർമസികൾ അടച്ചുപൂട്ടിയതായി പരാതി ലഭിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**മരുന്നുകൾക്ക് വില ഏകീകരണം**

5425 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മരുന്ന് കമ്പനികൾ ഒരേതരം മരുന്നിന് വ്യത്യസ്ത വില ഈടാക്കുന്ന പ്രവണത സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി വില ഏകീകരണം നടപ്പിലാക്കുമോ ;

(ബി) കേരളത്തിൽ വിറ്റഴിക്കുന്ന മരുന്നുകൾക്ക് വില നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കേന്ദ്രനിയമങ്ങളിൽ ഭേദഗതി വരുത്തി, സംസ്ഥാനത്തിനുകൂടി നിയന്ത്രണമുള്ള ഒരു സംവിധാനം കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>വ്യാജമരുന്നുകളുടെ വില്പന</u>

**5426 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ മരുന്നുകൾ വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യാജ മരുന്നുകൾ വിൽക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ബി) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

## വ്യാജമരുന്നുകൾ പരിശോധിക്കുവാൻ സംവിധാനം

5427 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യാജമരുന്നുകൾ കേരളത്തിലേയ്ക്ക് വൻതോതിൽ എത്തിക്കൊണ്ടിരിക്കുന്നത് പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളത്;

(ബി) പനി പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ വ്യാജമരുന്നുകൾ കേരളത്തിലേയ്ക്ക് എത്തുന്നു എന്ന വിവരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(സി) ഡ്രഗ്സ് കൺട്രോൾ ബോർഡ് പരിശോധനയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട്;വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) വ്യാജമരുന്നുകൾ വിറ്റ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഇ) കേരള മെഡിക്കൽ കോർപ്പേറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകളിൽ നടത്തിയിട്ടുളള പരിശോധനകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(എഫ്) വ്യാജ മരുന്നുകൾ വിതരണം ചെയ്ത എത്ര പേരെ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കോടതി ശിക്ഷിച്ചിട്ടുണ്ട്;

(ജി) വ്യാജ മരുന്നുകൾ വിതരണം ചെയ്ത എത്ര കമ്പനികളെ ബ്ലാക്ക്ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്;വിശദമാക്കുമോ;

(എച്ച്) പ്രസ്തുത ലിസ്റ്റിൽപ്പെട്ട കമ്പനികൾ മറ്റു പേരുകളിൽ മരുന്നുകൾ വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ഫാസ്റ്റ്ഫുഡ് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ</u>

5428 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫാസ്റ്റ്ഫുഡ് സംസ്കാരവും അതിനനുസരണമായി ഹോട്ടലുകളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഫലമായുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം ഹോട്ടലുകളിൽ കൃത്യമായ പരിശോധനകൾ നടത്താറുണ്ടോ;

(ഡി) ഇവയ്ക്ക് ലൈസൻസ് നൽകാൻ പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ശീതളപാനീയങ്ങളിൽ ചെറിയ ജീവികളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയ സംഭവം**

5429 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്ത ശീതള പാനീയങ്ങളിൽ ചെറിയ ജീവികളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യത്തിന് ഹാനികരമാകുന്നതും കുടിക്കാൻ യോഗ്യമല്ലാത്തതുമായ ഇത്തരം പാനീയങ്ങൾ നിർമ്മിക്കുന്ന കമ്പനികളെ കണ്ടുകെട്ടുന്നതിനും നിരോധിക്കുന്നതിനും കർശന നടപടികൾ സ്വീകരിക്കുമോ;

(സി) വിവിധ ബ്രാൻഡുകളിൽ വിതരണം ചെയ്യുന്ന കുപ്പികളിലെ വെള്ളത്തിന്റെയും ശീതള പാനീയങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്താൻ പ്രത്യേക പരിശോധകസംഘത്തെ നിയമിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>പാൻമസാല ഉത്പന്നങ്ങൾ തടയുന്നതിനായി സ്വീകരിച്ച നടപടികൾ</u>**

**5430** **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും വൻ തോതിൽ നിരോധിക്കപ്പെട്ട പാൻമസാല ഉത്പന്നങ്ങൾ കേരളത്തിൽ എത്തുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

പാൻമസാല ഉല്പന്നങ്ങളുടെ നിരോധനം

5431 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാൻമസാല, ഗുഡ്ക തുടങ്ങിയ വസ്തുക്കളുടെ നിരോധനത്തെത്തുടർന്ന് വ്യാപാരികൾ രഹസ്യ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റുന്ന പുകയില ഉല്പന്നങ്ങൾ കണ്ടെത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മറ്റ് വകുപ്പുകളുമായി സംയോജിച്ച് ആയത് കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പുകയില ഉല്പന്നങ്ങളുടെ നിരോധനത്തെത്തുടർന്ന് അന്യസംസ്ഥാനങ്ങളിൽനിന്ന് കള്ളക്കടത്തായി കൊണ്ടുവരുന്ന പ്രസ്തുത ഉല്പന്നങ്ങൾ പരിശോധിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>മദ്യത്തിന് സെസ്</u>**

5432 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മദ്യത്തിന് സെസ് ചുമത്തി രോഗികൾക്ക് സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ഡോക്ടർമാർക്കും ഉദ്യോഗസ്ഥർക്കും നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ**

5433 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പ് മേധാവികളായി പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും ഉദ്യോഗസ്ഥർക്കും നിലവിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## ഡോക്ടർ തസ്തികകളിലെ ഒഴിവുകൾ

5434 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പി.എച്ച്.സി.കളിലാണ് ഡോക്ടർ തസ്തിക നിലവിൽ ഒഴിഞ്ഞു കിടക്കുന്നത് ;

(ബി) പി.എച്ച്.സി.കളിൽ ഡോക്ടർ തസ്തിക ഒഴിഞ്ഞു കിടക്കാനുളള കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത് ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ തസ്തിക**

5435 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന് കീഴിലെ സർക്കാർ ആശുപത്രികളിൽ അഡ്മിനിസ്ട്രേഷൻ, ക്ലിനിക്കൽ ജോലികളിൽ ഡോക്ടർമാരുടെ ജോലിഭാരം ലഘൂകരിക്കുന്ന വിധത്തിൽ എം. എച്ച്.എ ക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പൈ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഹോസ്പിറ്റലുകളിൽ ജൂനിയർ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ തസ്തിക സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആരോഗ്യവകുപ്പിൽ പി. ആർ. ഒ, ക്വാളിറ്റി അഷ്വറൻസ് ഓഫീസർ തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുമോ;

(ഡി) ആരോഗ്യവകുപ്പിൽ എപ്പിഡെമിയോളജിസ്റ്റ്, പി. ആർ.ഒ കം ലെയ്സൺ ഓഫീസർ തസ്തികകൾ സൃഷ്ടിക്കുമോ;

(ഇ) എം. ജി. യൂണിവേഴ്സിറ്റിയുടെ എം. എച്ച്. എ പാസായിട്ടുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ കേരള സർക്കാരിന്റെ ആരോഗ്യവകുപ്പിനു കീഴിൽ ഏതെല്ലാം തസ്തികകളിലേക്ക് അപേക്ഷിക്കാം; വ്യക്തമാക്കുമോ;

(എഫ്) എം. ജി. യൂണിവേഴ്സിറ്റിയുടെ എം. പി. എച്ച് പാസായിട്ടുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ കേരള സർക്കാരിന്റെ ആരോഗ്യവകുപ്പിനു കീഴിൽ ഏതെല്ലാം തസ്തികകളിലേക്ക് അപേക്ഷിക്കാം;

(ജി) എം. എ സോഷ്യോളജി, എം. എസ്. ഡബ്ല്യു എന്നീ കോഴ്സുകൾ യോഗ്യതയായുള്ള തസ്തികകളിലേക്ക് എം. പി. എച്ച് പാസായവർക്കു കൂടി അപേക്ഷിക്കാനാകുന്ന വിധത്തിലാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**നോൺ-മെഡിക്കൽ അധ്യാപക തസ്തികയിലെ സീനിയോറിറ്റി**

5436 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവിദ്യാഭ്യാസ വകുപ്പിലെ നോൺ-മെഡിക്കൽ തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതു വർഷമാണ് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് മുമ്പ് പ്രമോഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രമോഷൻ നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്ത കാലഘട്ടത്തിൽ നടത്തിയ പ്രമോഷനുകളിൽ അനർഹരായവർ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അനർഹരായവരെ ഒഴിവാക്കി ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ഡന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം</u>

5437 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ കേന്ദ്ര സർക്കാർ ആശുപത്രികൾക്ക് സമാന മായ രീതിയിൽ ഡന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കു മോ;

(ബി) ഡെന്റിസ്റ്റ് ആക്ട് 1948 ലെ വ്യവസ്ഥകൾക്ക് വിരുദ്ധ മായി ഡന്റൽ ഹൈജീനിസ്റ്റുകൾ ഡന്റൽ ചെയർസൈഡ് അസിസ്റ്റന്റ് ജോലികൾ കൂടി ചെയ്യണ മെന്ന ആരോഗ്യ വകുപ്പിന്റെ ഉത്തരവ് പിൻവലിക്കു വാൻ നടപടി സ്വീകരിക്കുമോ;

(സി) 2010-11 വർഷത്തിൽ സംസ്ഥാനത്തെ ആരോഗ്യ വകു പ്പിലെ ഡന്റൽ ഹൈജീനിസ്റ്റുകൾ സ്വതന്ത്രമായി എത്ര സ്കൂൾ, സാമൂഹ്യ ദന്തപരിശോധനാ ക്യാമ്പുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തി; ഇതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**ബ്ലഡ് ബാങ്ക് ടെക്നീഷ്യൻമാരുടെ അടിസ്ഥാന യോഗ്യത**

5438 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **സർക്കാർ സർവ്വീസിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യന്മാരുടെ അടിസ്ഥാന യോഗ്യത എന്താണ് ;**

(ബി) **പ്രസ്തുത കോഴ്സ് ഏതൊക്കെ സ്ഥാപനങ്ങളിലാണ് നടത്തിവരുന്നത് ;**

(സി) **പ്രസ്തുത യോഗ്യത ഇല്ലാത്തവരുടെ അഭാവത്തിൽ മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ് പൂർത്തിയായവരെ പ്രസ്തുത തസ്തികയിലേയ്ക്ക് പരിഗണിക്കുമോ ?**

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>പയ്യന്നൂര്‍ താലൂക്ക് ആശുപത്രിയില്‍ അധിക തസ്തികകള്‍</u>

5439 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പയ്യന്നൂര്‍ താലൂക്ക് ആശുപത്രിയില്‍ അധിക തസ്തികകള്‍ അനുവദിക്കുവാന്‍ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) അധിക തസ്തികകള്‍ അനുവദിക്കാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**2012 -13 സാമ്പത്തികവര്‍ഷത്തെ ജെ. പി. എച്ച്. എന്‍. ഗ്രേഡ് II ഒഴിവുകള്‍**

**5440 ശ്രീ. റ്റി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ജില്ലയില്‍ ജെ. പി. എച്ച്. എന്‍. ഗ്രേഡ് II തസ്തികയില്‍ 2012 -13 സാമ്പത്തിക വര്‍ഷത്തെ ഒഴിവുകള്‍ എത്ര;

(ബി) ആരോഗ്യ വകുപ്പില്‍ തിരുവനന്തപുരം ജില്ലയില്‍ ജെ. പി. എച്ച്. എന്‍. ഗ്രേഡ് കക തസ്തികയില്‍ എത്ര എന്‍. ജെ. ഡി. ഒഴിവുകള്‍ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേരള മുനിസിപ്പല്‍ കോമണ്‍ സര്‍വ്വീസില്‍ ജെ. പി. എച്ച്. എന്‍.-ന്‍റെ എത്ര ഒഴിവുകള്‍ തിരുവനന്തപുരം ജില്ലയില്‍ ഉണ്ട്; എത്ര എന്‍. ജെ. ഡി. ഒഴിവുകള്‍ ഉണ്ട്;

(ഡി) നിലവിലുള്ള ഒഴിവുകള്‍ പി. എസ്. സി.യ്ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടോ; എങ്കില്‍ എന്ന് റിപ്പോര്‍ട്ട് ചെയ്തു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ നഴ്സുമാരുടെ തസ്തിക**

5441 **ഡോ: കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി നഴ്സുമാരുടെ തസ്തിക നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആനുപാതികമായി പ്രസ്തുത തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**സർക്കാർ ആശുപത്രികളിലെ ഫാർമസിസ്റ്റുമാരുടെ സ്റ്റാഫ് പാറ്റേൺ**

5442

**ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സർക്കാർ ആശുപത്രികളിലെ ഫാർമസിസ്റ്റ്മാരുടെ സ്റ്റാഫ് പാറ്റേൺ 1961-ൽ തീരുമാനിച്ചു നടപ്പിലാക്കിയതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ ആശുപത്രികളിലെയും രോഗികളുടെ എണ്ണം, മരുന്നുകളുടെ ഇനങ്ങൾ, അളവ് എന്നിവയിൽ 1961-നു ശേഷം വൻവർദ്ധനയുണ്ടായ കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ;**

(ബി) **ഇപ്രകാരം ജോലിഭാരം ക്രമാതീതമായി വർദ്ധിച്ചു വരുന്നതിനാൽ ഫാർമസിസ്റ്റ്മാരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി കൂടുതൽ പേരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?**

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**കാൻസർ സെന്റർ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ**

5443 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവയിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിബന്ധനകൾ എന്തൊക്കെയെന്നും അറിയിക്കുമോ;

(ബി) എങ്കിൽ പെൻഷൻ പദ്ധതി എന്നു മുതലാണ് ആരംഭിക്കുക എന്ന് വിശദമാക്കുമോ;

(സി) കാൻസർ സെന്റർ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സർക്കാർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടേതിനും ജീവനക്കാരുടേതിനും തുല്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, സർക്കാർ ആശുപത്രി എന്നിവ ശക്തിപ്പെടുത്താൻ നടപടി**

5444 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഓരോ ബ്ലോക്ക് പഞ്ചായത്തിലെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, സർക്കാർ ആശുപത്രി എന്നിവയിൽ സ്പെഷ്യൽ യൂണിറ്റുകൾ ഏർപ്പെടുത്തി ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുഎന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ഇത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ഇൻഷ്വറൻസ് തുക ഹോസ്പിറ്റലുകൾക്ക് ലഭ്യമാക്കുവാൻ നടപടി**

**5445** ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (ആർ.എസ്.ബി.വൈ) പദ്ധതി പ്രകാരം ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലും കേശവപുരം സി.എച്ച്.സി.യിലും എത്ര രൂപ വീതം ഇൻഷ്വറൻസ് കമ്പനികൾ കുടിശ്ശിക വരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇൻഷ്വറൻസ് തുക ഹോസ്പിറ്റലുകൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇൻഷ്വറൻസ് തുക ലഭ്യമാകാത്തത് ഹോസ്പിറ്റലിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**108 ആംബുലൻസിന്റെ അറ്റകുറ്റപ്പണി**

5446 **ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) '108' ആംബുലൻസിന്റെ അറ്റകുറ്റപ്പണിക്കായി അനുവദിക്കുന്ന തുക ഫലപ്രദമായി ഉപയോഗിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലാ ജനറൽ ആശുപത്രിയ്ക്ക് 108 ആംബുലൻസ്**

**5447** **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ജനറൽ ആശുപത്രിയിൽ നിന്നും 108 ആംബുലൻസ് പിൻവലിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പിൻവലിക്കാനുണ്ടായ കാരണം വിശദമാക്കുമോ ;

(സി) ആയതിനു പകരം പുതിയത് നൽകുമെന്ന ഉറപ്പ് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കാമോ ;

(ഡി) എൻഡോസൾഫാൻ ദുരിത ബാധിതരായ രോഗികളെ അടക്കം വിവിധ ആശുപത്രികളിൽ എത്തിക്കേണ്ട സാഹചര്യത്തിൽ ആംബുലൻസ് ജില്ലക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട കൗൺസിലർമാർക്ക് നൽകിയ ചികിത്സ**

**5448 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭാ ഓഫീസിനുള്ളിൽവച്ച് ജീവനക്കാരും ചില കൗൺസിലർമാരും തമ്മിൽ നടന്ന സംഘർഷത്തെ തുടർന്ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട കൗൺസിലർമാരിൽ കണ്ടെത്തിയ പരിക്കുകൾ, അസുഖങ്ങൾ, നൽകിയ ചികിത്സകൾ എന്നിവയെക്കുറിച്ചും ഓരോ രോഗിയേയും കുറിച്ചുള്ള വിവരങ്ങൾ വെവ്വേറെ വ്യക്തമാക്കുമോ;

(ബി) മേൽ പറഞ്ഞവരിൽ ആരെങ്കിലും ഭക്ഷണത്തിനുപകരം ഐ. വി. ഫ്ളൂയിഡ്/ഡ്രിപ്പ് വേണമെന്ന് ആവശ്യപ്പെടുകയോ ആയത് അവരുടെ/അയാളുടെ ആവശ്യപ്രകാരം നൽകുകയോ ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ആശുപത്രികളിൽ 'ഹൗസ് കീപ്പിംഗ്' സംവിധാനം**

**5449 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.റ്റി ഉൾപ്പെടെയുള്ള ആശുപത്രികളിൽ 'ഹൗസ് കീപ്പിംഗ്' സംവിധാനം നിലവിലുണ്ടോ;

(ബി) ഏത് വിഭാഗം ജീവനക്കാർ ആണ് പ്രസ്തുത പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്നത്;

(സി) താലൂക്ക് ആശുപത്രികളിൽ ഉൾപ്പെടെ ഫലപ്രദമായി ഹൗസ് കീപ്പിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് യോഗ്യരായ ജീവനക്കാരെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>സർക്കാർ ആതുരാലയങ്ങൾ ഇല്ലാത്ത പഞ്ചായത്തുകൾ</u>**

5450 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പി. എച്ച്. സി, സി. എച്ച്. സി, താലൂക്ക് ആശുപത്രി തുടങ്ങിയ സർക്കാർ ആതുരാലയങ്ങൾ ഇല്ലാത്ത എത്ര പഞ്ചായത്തുകളുണ്ട്;

(ബി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>താമരശ്ശേരി താലൂക്കാശുപത്രി</u>

5451 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ട്രോമ കെയർ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) താമരശ്ശേരി താലൂക്കാശുപത്രിയിൽ ട്രോമകെയർ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; ട്രോമാകെയർ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ചേര്‍ത്തല താലൂക്ക് ഹെഡ് ക്വാര്‍ട്ടേഴ്സ് ആശുപത്രിയില്‍ നേത്രരോഗ വിദഗ്ധന്റെ ഒഴിവ്**

5452

**ശ്രീ. പി. തിലോത്തമന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രിയില്‍ നേത്ര രോഗ വിദഗദ്ധന്റെ ഒഴിവ് ഉണ്ടായിട്ട് എത്ര നാളായി എന്ന് പറയാമോ; നേത്രരോഗ വിഭാഗത്തില്‍ ഒഴിവുളള തസ്തികയില്‍ എന്തുകൊണ്ടാണ് ഡോക്ടറെ നിയമിക്കാത്തതെന്നു പറയാമോ;

(ബി) ചേര്‍ത്തലയിലുളള സ്വകാര്യ ആസുപത്രികളെ സഹായിക്കാന്‍ ബോധപൂര്‍വ്വം ചേര്‍ത്തല താലൂക്ക് ഹെഡ് ക്വാര്‍ട്ടേഴ്സ് ആശുപത്രിയിലെ ഐ സ്പെഷ്യലിസ്റ്റിന്റെ ഒഴിവു നികത്താതെയിട്ടിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ചേര്‍ത്തല താലൂക്ക് ഹെഡ് ക്വാര്‍ട്ടേഴ്സ് ആശുപത്രിയില്‍ അടിയന്തിരമായി ഐ സ്പെഷ്യലിസ്റ്റിനെ നിയമിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>അങ്കമാലിയിൽ അനുവദിച്ച ആശുപത്രികൾ</u>

5453 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അങ്കമാലിയിൽ സർക്കാർ തലത്തിൽ അനുവദിച്ച അലോപ്പതി/ആയുർവേദ/ഹോമിയോ ആശുപത്രികൾ ഏതെല്ലാം പഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പ്രവർത്തനം ആരംഭിച്ചതും ആരംഭിക്കാത്തതുമായ ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രവർത്തനം ആരംഭിക്കാത്ത ആശുപത്രികളുണ്ടെങ്കിൽ അതിന് കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സൗകര്യം</u>**

**5454 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കൊടുവള്ളി നിയോജക മണ്ഡലത്തിലെ താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുളള സൗകര്യങ്ങൾ ലഭ്യമായിട്ടും പോസ്റ്റ്മോർട്ടം നടത്താത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **വർഷങ്ങൾക്കുമുമ്പ് തന്നെ പോസ്റ്റ്മോർട്ടം നടത്തിയിരുന്ന ഈ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>കോതമംഗലം താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ</u>

5455 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള തസ്തികകൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) ഈ ആശുപത്രിയിലെ മരുന്നുകളുടെ ക്ഷാമം പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) ആദിവാസി ജനവിഭാഗങ്ങൾ കൂടുതലായി ചികിത്സ നേടി വരുന്ന ഈ ആശുപത്രിയുടെ പ്രാധാന്യം പരിഗണിച്ച് എന്തെല്ലാം ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) ഈ ആശുപത്രിയെ ജനറലാശുപത്രിയായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എച്ച്) ഈ ആശുപത്രിയിലെ നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ത് വിശദമാക്കുമോ;

(ഐ) ഈ ആശുപത്രിയിൽ പുതിയ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ബ്ലോക്കുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനങ്ങള്‍**

5456

ശ്രീ. പി. സി. ജോര്‍ജ്
ഡോ. എന്‍. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍
,, റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുടുംബക്ഷേമ പ്രവര്‍ത്തനങ്ങള്‍ക്കായി നീക്കിവയ്ക്കപ്പെടുന്ന തുക ഫലപ്രദമായി ചെലവഴിയ്ക്കാന്‍ സാധിക്കുന്നുണ്ടോ;

(സി) കഴിഞ്ഞ മൂന്നുവര്‍ഷക്കാലം കുടുംബക്ഷേമ പ്രവര്‍ത്തനങ്ങള്‍ക്കായി നീക്കിവെച്ചതും ചെലവഴിച്ചതുമായ തുകയുടെ പ്രതിവര്‍ഷക്കണക്ക് വെളിപ്പെടുത്തുമോ;

(ഡി) കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനങ്ങള്‍ അവലോകനം ചെയ്യുന്ന നടപടി കാര്യക്ഷമമാക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ പ്ലാൻ ഫണ്ട് ഉപയോഗം</u>

5457 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ബ്ലോക്ക് നിർമ്മിക്കുന്നതിന് കഴിഞ്ഞ പഞ്ചവത്സരപദ്ധതിക്കാലത്ത് തുക അനുവദിച്ചിരുന്നോ;

(ബി) പ്രസ്തുത പദ്ധതി തുക വിനിയോഗിക്കുന്നതിന് ആരോഗ്യവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**സി.എച്ച്.സി. കളുടെ സ്റ്റാഫ് പാറ്റേൺ**

5458 **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സി.എച്ച്.സി. കളുടെ സ്റ്റാഫ് പാറ്റേൺ രീതി വിശദമാക്കുമോ;

(ബി) മുൻ സർക്കാർ സി.എച്ച്.സി. കളായി ഉയർത്തിയ പ്രസ്തുത സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം ഡോക്ടർമാരെയും പാരാമെഡിക്കൽ വിഭാഗക്കാരെയും നിയമിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി**

**5459 ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ 2010-11 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം തവനൂർ മണ്ഡലത്തിൽ അനുമതി ലഭിച്ചതും ഇനി അനുമതി ലഭിക്കാനുള്ളതുമായ പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കൊട്ടാരക്കര കുളക്കട - നെടുമൺകാവ് സി. എച്ച്. സി. കളിലെ തസ്തികകൾ**

**5460 ശ്രീമതി പി. അയിഷാപോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന കുളക്കട സി.എച്ച്. സി., നെടുമൺകാവ് സി. എച്ച്. സി. എന്നീ സ്ഥാപനങ്ങളിലെ നിലവിലെ ജീവനക്കാരുടെ തസ്തികകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ സി. എച്ച്. സി. യിലെ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

5461 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്. എം.-ന്റെ കീഴിൽ കുട്ടനാട്ടിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ആരോഗ്യമേഖലയിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ക്യാൻസൽ ചെയ്ത ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടനിർമ്മാണത്തിന്റെ പ്രൊപ്പോസൽ വീണ്ടും പരിഗണിക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ അടിയന്തിര ആവശ്യം കണക്കിലെടുത്ത് വീണ്ടും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>അങ്ങാടിക്കടവ് പി.എച്ച്.സി</u>

5462 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പേരാവൂർ നിയോജക മണ്ഡലത്തിലെ അങ്ങാടിക്കടവ് പി.എച്ച്.സി.യിൽ കിടത്തി ചികിത്സാ സൗകര്യം നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഉണ്ടെന്ന വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആദിവാസികൾ ഉൾപ്പെടെ നൂറുക്കണക്കിന് രോഗികൾ ദിനംപ്രതി ആശ്രയിക്കുന്ന അങ്ങാടിക്കടവ് പി.എച്ച്. സി.യിൽ കിടിത്തി ചികിത്സാ സൗകര്യം പുന:സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

എട്ടിക്കുളം പി. എച്ച്. സി. യുടെ ഭൂമി സംരക്ഷണം

5463 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ രാമന്തളി പഞ്ചായത്തിലെ എട്ടിക്കുളം പി. എച്ച്. സി. യുടെ ഭൂമി സംരക്ഷണവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിന്മേൽ എന്ത് തീരുമാനമെടുത്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കാങ്കോൽ - ആലപ്പടമ്പ് പി.എച്ച്.സി.യിൽ ഐ.പി. വിഭാഗം**

**5464** **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കാങ്കോൽ - ആലപ്പടമ്പിൽ പി.എച്ച്.സി.യിൽ ഐ.പി. ആരംഭിക്കുവാൻ ആവശ്യമായ ഭൗതീക സാഹചര്യം നിലവിൽ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാങ്കോൽ - ആലപ്പടമ്പ് പി.എച്ച്.സി.യിൽ ഐ.പി. വിഭാഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>കൊല്ലങ്കോട് പി.എച്ച്.സി.യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള നടപടി</u>**

**5465 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് പി.എച്ച്.സി.യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രൊപ്പോസൽ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>പ്രാഥമിക ആരോഗ്യകേന്ദ്രവും ആയുർവ്വേദ ഹോമിയോ ആശുപത്രികളും ഇല്ലാത്ത തിരുവനന്തപുരം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ</u>

5466 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യകേന്ദ്രവും, ആയുർവ്വേദ ഹോമിയോ ആശുപത്രികളും ഇല്ലാത്ത തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മുഴുവൻ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവ്വേദ, ഹോമിയോ ആശുപത്രി/ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കണ്ണൂർ ജില്ലയിലെ വള്ളിത്തോട് പി.എച്ച്.സി.യിൽ കിടത്തി ചികിത്സാ സൗകര്യം**

5467 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വള്ളിത്തോട് പി.എച്ച.സി.യിൽ കിടത്തി ചികിത്സാ സൗകര്യം തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കിടത്തി ചികിത്സ തുടങ്ങാൻ ആവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കിടത്തി ചികിത്സ അടിയന്തിരമായി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക സിഎച്ച്സിയിൽ ഐ.പി യൂണിറ്റ്**

5468 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക സിഎച്ച്സിയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എപ്രകാരമാണ് വിശദമാക്കാമോ;

(ബി) ഈ തസ്തികകളിലെല്ലാം ഡോക്ടർമാരേയും ജീവനക്കാരേയും നിയമിച്ചിട്ടുണ്ടോ;

(സി) മലയോര മേഖലയിൽ സ്ഥിതിചെയ്യുന്ന മേൽ സിഎച്ച്സിയിൽ ഐ.പി യൂണിറ്റ് പ്രവർത്തിക്കുന്നില്ലായെന്ന വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) ഒഴിവുള്ള തസ്തികയിൽ ജീവനക്കാരെ നിയമിച്ച് ഐ.പി യൂണിറ്റ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കാന്തല്ലൂർ പി.എച്ച്.സി.യിൽ വാങ്ങിയ മരുന്നുകളുടെ വിശദാംശം**

5469 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാന്തല്ലൂർ പി.എച്ച്.സി യിൽ കഴിഞ്ഞ വർഷങ്ങളിൽ മരുന്നുകൾ വാങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയ്ക്ക്; ആരിൽ നിന്നെല്ലാം; ഏതെല്ലാം മരുന്നുകൾ; വിശദമാക്കുമോ;

(സി) ഇവയിൽ നിരോധിക്കപ്പെട്ട മരുന്നുകളോ നിരോധിക്കപ്പെട്ട കമ്പനികളുടെ മരുന്നുകളോ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ സി. എച്ച്. സി. - കളിലും പി. എച്ച്. സി. - കളിലും മരുന്ന് വിതരണം**

5470 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സി. എച്ച്. സി. - കളിലും പി. എച്ച്. സി. - കളിലും മരുന്ന് വിതരണം ചെയ്യുന്നത് എവിടെ നിന്നാണ് ;

(ബി) ഈ മരുന്ന് നിലവിൽ എത്ര ദിവസത്തേയ്ക്കാണ് നൽകിവരുന്നത് ;

(സി) വളരെ ദൂരമുള്ള സി. എച്ച്. സി - കളിൽനിന്നും പി. എച്ച്. സി. - കളിൽനിന്നും എല്ലാ മാസവും മരുന്ന് വാങ്ങാൻ വരേണ്ടതിന്റെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ സി. എച്ച്. സി. - കൾക്കും പി. എച്ച്. സി. -കൾക്കും മൂന്ന് മാസത്തേയ്ക്കായി മരുന്ന് നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

ചിറക്കര ഗ്രാമ പഞ്ചായത്തിൽ പി. എച്ച്. സെന്റർ

5471 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പുതുതായി ആരംഭിച്ച ചിറക്കര ഗ്രാമപഞ്ചായത്തിൽ പി. എച്ച്. സെന്റർ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ അതിൻമേലുളള റിപ്പോർട്ട് ഗവ: ആവശ്യപ്പെട്ടതിൻ പ്രകാരം ബന്ധപ്പെട്ടവരിൽ നിന്നും ലഭിച്ചുവോ ;

(സി) അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടായിട്ടും പി.എച്ച്. സെന്റർ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഡി) നടപടികൾ പൂർത്തീകരിച്ച് പി. എച്ച്. സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടെ പ്രവർത്തനം</u>

5472 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പബ്ലിക് ഹെൽത്ത് ലബോറട്ടറികളാണ് പ്രവർത്തിക്കുന്നതെന്നു പറയാമോ;

(ബി) സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾക്കോ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾക്കോ ഏതിനെങ്കിലും എൻ. എ. ബി. എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ലബോറട്ടറികളിലോ സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലോ എച്ച്1എൻ1 പനി, ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങൾ കണ്ടെത്തുവാനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) **2011** ജൂൺ ഒന്നിനും **2012** ജൂൺ **15**നും ഇടയിൽ എച്ച്1എൻ1 പനി സ്ഥിരീകരിക്കുന്നതിനും ഡെങ്കിപ്പനി സ്ഥിരീകരിക്കുന്നതിനുമായി എത്ര സാമ്പിളുകൾ പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധനയ്ക്കെത്തിയെന്നു വ്യക്തമാക്കുമോ;

(ഇ) പരിശോധിച്ച സാമ്പിളുകളിൽ എത്ര പേർക്ക് ഇക്കാലയളവിൽ എച്ച്1എൻ1 പനിയും ഡെങ്കിപ്പനിയും സ്ഥിരീകരിച്ചുവെന്നു വിശദമാക്കുമോ?

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

<u>മെഡിക്കല്‍ കോളേജുകളില്‍ പി.ജി. കോഴ്സുകള്‍ക്കുള്ള സീറ്റുകളുടെ എണ്ണം</u>

5473 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ ഗവണ്‍മെന്റ് മെഡിക്കല്‍ കോളേജുകളില്‍ പി.ജി. കോഴ്സുകള്‍ക്ക് ആകെ എത്ര സീറ്റുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതില്‍ എത്ര സീറ്റുകള്‍ ഗവണ്‍മെന്റ് സര്‍വ്വീസില്‍ ജോലി നോക്കുന്ന മെഡിക്കല്‍ ഓഫീസര്‍മാര്‍ക്ക് സംവരണം ചെയ്തിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ;

(സി) ഈ വര്‍ഷത്തെ മെഡിക്കല്‍ പി.ജി. പ്രവേശന പരീക്ഷയുടെ അപേക്ഷ ക്ഷണിച്ചതെന്നാണെന്നും അപേക്ഷയോടൊപ്പം പുറപ്പെടുവിച്ച പ്രോസ്പെക്ടസില്‍ ആരോഗ്യ വകുപ്പില്‍ ജോലി നോക്കുന്ന മെഡിക്കല്‍ ഓഫീസര്‍മാര്‍ പരീക്ഷയെഴുതുമ്പോള്‍ നെഗറ്റീവ് മാര്‍ക്ക് ഉണ്ടാകുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നോയെന്നും വ്യക്തമാക്കുമോ ; പ്രോസ്പെക്ടസിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ഡി) പ്രോസ്പെക്ടസിലെ വ്യവസ്ഥകള്‍ പ്രകാരം പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണെന്ന് അറിയിക്കുമോ ;

(ഇ) ഗവണ്‍മെന്റ് തയ്യാറാക്കിയ മാനദണ്ഡങ്ങള്‍ അനുസരിച്ച് നടത്തിയ പരീക്ഷയും അതു പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റും അനുസരിച്ച് എത്ര പേര്‍ക്ക് സര്‍വ്വീസ് ക്വാട്ടയിന്‍ പ്രകാരം മെഡിക്കല്‍ പി.ജി.യ്ക്ക് അഡ്മിഷന്‍ നല്‍കിയിട്ടുണ്ടെന്നും പറയുമോ ;

(എഫ്) സര്‍വ്വീസ് ക്വാട്ടയിലെ സംവരണം ഒഴിവാക്കി ആ സീറ്റുകള്‍ കൂടി ഓപ്പണ്‍ ക്വാട്ടയിലുള്ളവര്‍ക്ക് നല്‍കാനിടയാകും വിധം റാങ്ക് ലിസ്റ്റ് പുന:ക്രമീകരിച്ചതെന്തിനാണെന്നു വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

(ജി) ആദ്യം പുറപ്പെടുവിച്ച പ്രോസ്പെക്ടസ് പ്രകാരം നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റിൻ പ്രകാരം സർവ്വീസ് ക്വാട്ടയിലുള്ളവർക്ക് അഡ്മിഷൻ നൽകേണ്ടതുണ്ടെന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയെ ബോധ്യപ്പെടുത്തി ആദ്യം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നുതന്നെ മെഡിക്കൽ പി.ജി. പ്രവേശനം നടത്തുവാൻ നടപടി സ്വീകരിക്കേണ്ടത് ആവശ്യമാണെന്നും ഗവൺമെന്റ് കരുതുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>മെഡിക്കൽ പി.ജി. കോഴ്സിന്റെ പ്രവേശന പരീക്ഷ സംബന്ധിച്ച പരാതികൾ</u>**

**5474 ശ്രീ. ബി.ഡി ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പി.ജി. കോഴ്സിന്റെ പ്രവേശന പരീക്ഷ സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**മെഡിക്കൽ കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകൾ**

5475 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഏതൊക്കെ ബിരുദാനന്തര ബിരുദ കോഴ്സുകളാണ് ഉള്ളതെന്നും ഓരോന്നിനും എത്ര സീറ്റുകളാണ് നിലവിലുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ വർഷം 50:50 എന്ന അനുപാതം ബിരുദാനന്തര ബിരുദ കോഴ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(സി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം നിലനിൽക്കുന്നതിനാൽ ബിരുദാനന്തര ബിരുദ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**ആലപ്പുഴയിലെ ദന്തൽകോളേജ്**

**5476 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽകോളേജിനോടനുബന്ധിച്ച് അനുവദിച്ച ദന്തൽകോളേജിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ ലഭ്യമാണോ;

(സി) ദന്തൽകോളേജ് തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കോളേജ് തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ഡി.എം. (ഡൈബറ്റോളജി) കോഴ്സ് തുടങ്ങുവാൻ നടപടി</u>

5477 ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഡി.എം. (ഡൈബറ്റോളജി) കോഴ്സ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുവോ;

(ബി) പ്രസ്തുത കോഴ്സ് ഏത് മെഡിക്കൽ കോളേജിലാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് പ്രമേഹവും അനുബന്ധ രോഗങ്ങളുടെയും ബാഹുല്യം കണക്കിലെടുത്ത് മധ്യകേരളത്തിൽ കോട്ടയം മെഡിക്കൽ കോളേജിൽ പ്രസ്തുത കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**പാരാമെഡിക്കൽ കോഴ്സുകൾ**

5478 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പഴയതും പുതിയതുമായ ഏതെല്ലാം പാരാമെഡിക്കൽ കോഴ്സുകളാണ് നടത്തിവരുന്നത്;

(ബി) പാരാമെഡിക്കൽ കൗൺസിൽ പ്രസ്തുത കോഴ്സുകൾ നടത്തുന്നത് സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്;

(സി) പ്രസ്തുത കോഴ്സുകൾക്ക് എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്;

(ഡി) മെഡിക്കൽ കോളേജിലെ അദ്ധ്യാപകർക്ക് പാരാമെഡിക്കൽ ക്ലാസ് എടുക്കുന്ന വകയിൽ അധിക തുക നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ഇനത്തിൽ പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരല്ലാത്ത യോഗ്യതയുള്ള ജീവനക്കാരെ പാരാമെഡിക്കൽ കോഴ്സിന്റെ ക്ലാസ് എടുക്കുന്നതിന് നിയോഗിക്കാൻ കഴിയുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**<u>ആലപ്പുഴ മെഡിക്കൽ കോളേജിലെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്</u>**

**5479 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനായുള്ള കെട്ടിടം പണി പൂർത്തിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ എന്തെല്ലാം പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ;

(സി) ഈ കെട്ടിടത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ;

(ഡി) ഈ അദ്ധ്യയനവർഷം മുതൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## തൃശൂർ മെഡിക്കൽ കോളേജിലെ രോഗനിർണയ ഉപകരണങ്ങൾ

5480

**ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിൽ ഏതെല്ലാം രോഗ നിർണയ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെന്നും ഏതെല്ലാം പ്രവർത്തനക്ഷമമല്ലെന്നും വിശദമാക്കാമോ;

(ബി) ഇവിടെ കൂടുതൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ആലപ്പുഴ മെഡിക്കൽ കോളേജിൽ പേ-വാർഡ് ആരംഭിക്കാൻ നടപടി**

5481 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പേ-വാർഡ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ കീഴിൽ പേ-വാർഡ് സംവിധാനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം**

5482 ശ്രീ. പി. റ്റി. എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജിൽ വേണ്ടത്ര രോഗികൾ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളെ പരിശീലനത്തിനായി സർക്കാർ ആതുരാലയങ്ങൾ ഉപയോഗിക്കാൻ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) അമിതമായി ഫീസ് ഈടാക്കി പഠിപ്പിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങൾ ഇതിനായി സർവ്വീസ് ചാർജ് നൽകാൻ വ്യവസ്ഥയുണ്ടോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>ഭാരതീയ ചികിത്സാ വകുപ്പിൽ ബി.എ.എം.എസ്-ന് സർവ്വീസ് ക്വാട്ട അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

5483 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭാരതീയ ചികിത്സാ വകുപ്പിൽ ഏതെല്ലാം തസ്തികയിൽ ഉൾപ്പെട്ടവർക്കാണ് ബി.എ.എം.എസ്-ന് സർവ്വീസ് ക്വാട്ട അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) സർവ്വീസ് ക്വാട്ട അനുസരിച്ച് കോഴ്സിന് ചേരുന്നവർക്ക് കെ.എസ്.ആർ.ന്റെ ഏത് ചട്ടം അനുസരിച്ചാണ് അവധി അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോഴ്സിന് സർവ്വീസ് ക്വാട്ടയിൽ പ്രവേശനം നേടുന്നവർക്ക് കെ.എസ്.ആർ. ചട്ടം 91 പ്രകാരമുള്ള ലീവ് അനുവദിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ബി.എ.എം.എസ്. ബിരുദം സമ്പാദിക്കുന്നവർക്ക് ഡോക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ**

5484 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാവകുപ്പിൽ ബി.എ.എം.എസ്. കോഴ്സിന് സർവ്വീസ് ക്വാട്ടയിൽ പ്രവേശനം നേടി ബിരുദം സമ്പാദിക്കുന്നവർക്ക് ഡോക്ടർ തസ്തികയിലേയ്ക്ക് റഗുലർ പ്രൊമോഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇത്തരത്തിൽ ബിരുദം നേടുന്നവർക്ക് എന്തെല്ലാം പ്രൊമോഷൻ സാധ്യതകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

<u>തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി. ക്ലാർക്ക് തസ്തിക</u>

5485 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവിതാകൂർ ദേവസ്വം ബോർഡിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) മേൽപ്പറഞ്ഞ ഒഴിവുകളിൽ നിയമനം നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ എന്ന് നികത്തുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഡിപ്പാർട്ട്മെന്റ് ഓഫീസേഴ്സ് ടെസ്റ്റ് (ഡി.ഒ.റ്റി) പാസ്സായിട്ടുള്ള എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിക്ഷേപത്തുക സ്വീകരിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഈ വിധത്തിൽ ജോലിക്ക് നിയമിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ക്ഷേത്ര ഉപദേശക സമിതികളെ തെരഞ്ഞെടുക്കുന്നതിന് നിയമാവലി**

**5486 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്ര ഉപദേശക സമിതികളെ തെരഞ്ഞെടുക്കുന്നതിന് നിയമാവലി പുതുക്കി നിശ്ചയിക്കുന്ന തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) നിലവിൽ ക്ഷേത്ര ഉപദേശക സമിതി രൂപീകരണം എപ്രകാര മാണ് നടത്തിവരുന്നത് ;

(സി) തെരഞ്ഞെടുക്കപ്പെടുന്ന സമിതിയുടെ കാലാവധി എപ്രകാരമാണ്;

(ഡി) ക്ഷേത്ര ഉപദേശക സമിതികളുടെ ചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പെട്രോൾ പമ്പുകൾ**

5487

ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് പെട്രോൾ പമ്പുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എവിടെയൊക്കെയാണ് പമ്പുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് സംബന്ധിച്ച് ഓയിൽ കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ ?